**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5942** — **19.11.2019 ൽ മറുപടിയ്ക്ക്**

## യുവാക്കളിൽ ലഹരി ഉപയോഗം

**ചോദ്യം** — **ശ്രീ.മുല്ലക്കര രത്നാകരൻ**

**മറുപടി** — **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും,ടെക്സ്റ്റൈൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | |
|---|---|
| യുവാക്കളിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ യുവജനകാര്യവകുപ്പ തലത്തിൽ സ്വീകരിച്ചിട്ടുള്ള പരിപാടികളുടെ വിശദാംശം വെളിപ്പെടുത്താമോ? | ഉണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ യുവാക്കളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനായി കോളേജുകളും കോളനികളും യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള സ്ഥലങ്ങളും കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ലൈബ്രറി കൗൺസിലുമായി സഹകരിച്ച് ലൈബ്രറികൾ, ക്ലബ്ബുകൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ച വരുന്നുണ്ട്.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സർക്കാരിന്റെ വിമുക്തി പദ്ധതിയുമായി സഹകരിച്ച് യൂത്ത് ക്ലബ്ബുകൾ, യുവാക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ നേതൃത്വത്തിൽ ഗ്രാമതലങ്ങളിൽ ലഹരി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ആക്ഷൻ ഫോഴ്സ് അംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. യൂത്ത് ക്ലബ്ബുകൾ സമർപ്പിക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതി പ്രകാരമുള്ള അപേക്ഷയിൻമേൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് സാമ്പത്തിക സഹായവും നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**